## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5638** 29.07.2015 ന് മറുപടിയ്ക്ക്

### സ്പിരിറ്റ് കടത്ത്

**ചോദ്യം**

**ശ്രീ.എം. ഹംസ :**

(എ) സ്പിരിറ്റ് കടത്തിയതുമായി ബന്ധപ്പെട്ട എത്ര അബ്കാരി കേസുകൾ 1.7.2011 മുതൽ 30.6.2015 വരെ രജിസ്റ്റർ ചെയ്യുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓണം സീസണിൽ വ്യാജ വിദേശമദ്യ നിർമ്മാണവും വിപണനവും തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)**

(എ) സ്പിരിറ്റ് കടത്തിയതുമായി ബന്ധപ്പെട്ട്, 171 അബ്കാരി കേസുകളാണ് 01.07.2011 മുതൽ 30.06.2015 വരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടി കേസുകളിലായി 1,06,662 ലിറ്റർ സ്പിരിറ്റാണ് പിടികൂടിയിട്ടുള്ളത്.

(ബി) ഓണാഘോഷത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പ് 05.08.2015 മുതൽ 04.09.2015 വരെയുള്ള കാലയളവ് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി കാലയളവിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം എന്നിവ തടയുന്നതിനും എൻ.ഡി. പി.എസ് കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനുമായി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് വിഭാവനം ചെയ്യുന്നത്.

അന്യസംസ്ഥാനങ്ങളിൽ നിന്നും സ്പിരിറ്റ് ഉൾപ്പെടെയുള്ളവ കടത്തിക്കൊണ്ടുവന്ന് വ്യാജമദ്യ ഉൽപാദനവും വിപണനവും നടത്തുവാൻ സാധ്യതയുള്ളതിനാൽ ചെക്ക്പോസ്റ്റുകളിലൂടെയും, അതിർത്തി റോഡുകളിലൂടെയും കടന്നു വരുന്ന വാഹനങ്ങൾ യതൊരു പഴുതും ഇല്ലാത്തവിധം കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ രാത്രി കാല പട്രോളിംഗ് ശക്തിപ്പെടുത്തുന്നതാണ്. എല്ലാ ഡിവിഷൻ ഓഫീസുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പ്രവർത്തിക്കുന്നതും പരാതികൾ അറിയിക്കുന്നതിനായി കൺട്രോൾ റൂം ടെലിഫോൺ നമ്പരുകൾ പൊതുജന

ങ്ങളുടെ അറിവിലേയ്ക്കായി അച്ചടി - ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലുൾപ്പെടെ പ്രസിദ്ധീകരിക്കുന്നതുമാണ്.

എല്ലാ ഡിവിഷനുകളിലും രണ്ട് വീതം സ്ട്രൈക്കിംഗ് ഫോഴ്സ് പാർട്ടികൾ പ്രവർത്തിപ്പിക്കുന്നതും, ടി സ്ട്രൈക്കിംഗ്ഫോഴ്സ് പാർട്ടികൾ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം രാത്രി കാലങ്ങളിൽ പട്രോളിംഗ് നടത്തി, വ്യാജങ്ങൾ കടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന നടത്തുന്നതുമാണ്. എല്ലാ ഡിവിഷനുകളിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ/ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ ജില്ലാതല കോമ്പിംഗ് ഓപ്പറേഷനുകൾ സംഘടിപ്പിക്കുന്നതുമാണ്.

പൊതുസ്ഥലങ്ങളിൽ മദ്യപാനം നടത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതും, എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ തടയുന്നതിനായി "ഷാഡോ എക്സൈസ് " ഉൾപ്പടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നതുമാണ്. കള്ള്ഷാപ്പുകളിൽ കൂടി കൃത്രിമ കള്ള് വിൽക്കുവാൻ സാധ്യതയുള്ളതിനാൽ കള്ള്ഷാപ്പുകളിൽ നിരന്തര പരിശോധന നടത്തുന്നതും, സംശയമുള്ള കള്ളുഷാപ്പുകളിൽ നിന്നും സാമ്പിൾ ശേഖരിച്ച് രാസ പരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്. പോലീസ്/ റവന്യൂ/വനം എന്നീ വകുപ്പുകളു മായി സഹകരിച്ച് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തുന്നതാണ്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തുന്നതും റെയിൽവെ സ്റ്റേഷൻ, പാഴ്സൽ സർവ്വീസ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധന ശക്തിപ്പെടുത്തുന്നതുമാണ്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**